## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5222

02.07.2013- ലെ മറുപടിക്ക്

### കർഷകരുടെ സഹായത്തിന് കർമ്മപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖല കർഷകരുടെ സഹായത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) കേരളത്തിലെ കർഷക സമ്പദ് വ്യവസ്ഥയുടെ മുന്നേറ്റത്തിനും കർഷക രക്ഷ ഉറപ്പാക്കുന്നതിനുമായി ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതി തള്ളുക, കർഷകർക്ക് പലിശ രഹിത വായ്പ അനുവദിയ്ക്കുക, ചെറുകിട കർഷകരെ കാർഷിക ആദായ നികുതിയിൽ നിന്നും ഒഴിവാക്കുക, കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി കർഷക സേവന കേന്ദ്രങ്ങൾ ആരംഭിയ്ക്കുക, ഒരു വർഷത്തേയ്ക്ക് ജപ്തി നടപടികൾ നിർത്തി വെയ്ക്കുക തുടങ്ങിയ കർമ്മപദ്ധതികളാണ് സഹകരണ മേഖല ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ്; | (ബി) കർഷകരുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ടി പദ്ധതികൾ മുഖേന കർഷകർക്ക് സാമ്പത്തിക സഹായം നൽകി കാർഷിക മേഖലയെ പ്രോത്സാഹിപ്പിച്ച് കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ഉദ്ദേശ ലക്ഷ്യം. |

| | |
|---|---|
| (സി) പദ്ധതി മുഖാന്തിരം എന്തെല്ലാം സഹായങ്ങളും ആശ്വാസങ്ങളുമാണ് കർഷകർക്ക് ലഭിക്കുന്നത്; | (സി) കർഷകരുടെ സഹായത്തിനുള്ള കർമ്മപദ്ധതി പ്രാവർത്തികമാകുമ്പോൾ ചെറുകിട കർഷകർക്ക് വായ്പ ലഭിക്കുന്നതിനുള്ള സാധ്യത വർദ്ധിക്കുകയും കർഷക സേവന കേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് ആവശ്യമായ കാർഷിക സേവനം ലഭിക്കുകയും ചെയ്യും. |
| (ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകകൾ പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നതിനും അതിലൂടെ ടി പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിനും സമയ ബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**